ദേശാഭിമാനി
Fri, 07 February 2025

# രാജ്യാന്തര ഊർജ മേളയ്ക്ക് ഇന്ന് തുടക്കം

**തിരുവനന്തപുരം**

സംസ്ഥാന ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ (ഐഇഎഫ്കെ) വെള്ളിയാഴ്ച തുടങ്ങും. പകൽ രണ്ടിന് തൈക്കാട് പൊലീസ് മൈതാനിയിൽ മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകൾ മന്ത്രി വിതരണംചെയ്യും.

കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് മേള. ഊർജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള സഹകരണം ശക്തമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. സാങ്കേതിക സെഷനുകൾ, പാനൽ ചർച്ചകൾ, പരിശീലന സെഷനുകൾ, സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ് മത്സരങ്ങൾ, പൊതുപ്രദർശനം, വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി മെഗാക്വിസ് തുടങ്ങിയവ നടക്കും. സാംസ്കാരിക പരിപാടികളും അരങ്ങേറും. ഞായറാഴ്ച സമാപിക്കും.